# Weekly Devotion - March 2019

## The Lord said in his heart

### (ഹൃദയത്തിൽ പറഞ്ഞ യഹോവ)



ദൈവത്തിന് നമ്മെക്കുറിച്ചുള്ള ഉദ്ദേശവും ആലോചനയും ഒരിക്കലും തെറ്റി ഷോകുന്നില്ല. നാം അത് അംഗീകരിക്കാത്ത കാലത്തോളം ദൈവത്തിന്റെ ആലോച നയ്ക്ക് കീഴ്പ്പെട്ടവരാകുന്നില്ല. ഒരു ദൈവപൈതലിന് അഥവാ യഹോവ തനി യ്ക്കായ് വേർതിരിച്ചവന് ലോക മനുഷ്യന്റെ അഭിപ്രായം സ്വീകരിക്കാൻ പാടില്ല. മല്ല നായ ഗോല്യാത്തിനെ യിസ്രായേൽ ജനം ഭയപ്പെട്ടപ്പോൾ ധൈര്യത്തോടെ ആ വെല്ലുവിളി ഏറ്റെടുത്ത ദൈവപൈതലിന്, അഭിഷേകം നഷ്ടപ്പെട്ടവന്റെ ഉപദേശം അവൻ സ്വീകരിച്ചില്ല (1 ശമു :17 :38,39) ശീലിച്ചിട്ടില്ലാത്തവ ഉതകുകയില്ല എന്ന ബോദ്ധ്യം മൂലം ദൈവം പരിശീലനം നൽകിയ കവണയും കല്ലും ഉപയോഗിച്ച് ബാലൻ വിജയം നേടി. അതായത് വേർതിരിക്കപ്പെട്ടവന് പരിശീലനം നൽകുന്നതും അയയ്ക്കുന്നതും, വിജയം നൽകുന്നതും ദൈവം ആണ്.

നന്ദിയും സ്തോത്രവും ദൈവത്തിന് നൽകുന്ന മനുഷ്യനെ ദൈവം സ്നേഹിക്കുന്നു. അവനെ നീതിമാനായി ദൈവം സാക്ഷിക്കുന്നു, ആദ്യം വഴിപാട് നൽകി നന്ദിരേഖപ്പെടുത്തിയ വ്യക്തികളാണ് കായീനും, ഹാബേലും, എബ്രാ: (11:4) ൽ വിശ്വാസത്താൽ ഹാബേൽ, കായീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതി നാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു എന്ന് കാണുന്നു. കായീൻ വിശ്വാസത്താലല്ല യാഗം നടത്തിയെന്നതു മാത്രമല്ല, ഉത്തമമായതുമല്ല നൽകിയത്. (ഉല്പ:4:3-5) കായീന്റെ വഴിപാടിൽ പ്രസാദിക്കാത്തതിന്റെ കാരണം യഹോവ തന്നെ അവന് വ്യക്തമാക്കിക്കൊടുത്തു.

കൃപ പ്രാപ്യമാക്കുന്നവനാണ്, യഹോവ ബുദ്ധി ഉപദേശിച്ചു കൊടുക്കുന്നത്. ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും, അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നു കണ്ട യഹോവ താൻ സൃഷ്ടിച്ച സകല ജഡത്തിന്റെയും അവസാനം ഭൂമിയോടു കൂടെ ആയി രിക്കും എന്ന് പ്രസ്താവിച്ചു. എന്നാൽ നീതിമാനായ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചതിനാൽ അദ്ദേഹത്തെയും കുടുംബത്തെയും പെട്ടകം ഉണ്ടാക്കി തിര

ഞെടുത്ത മൃഗങ്ങളോടൊപ്പം 150 ദിവസത്തെ വെള്ളപ്പൊക്കത്തിൽ നിന്നും അരാരത്ത് പർവ്വതത്തിൽ എത്തിച്ച് രക്ഷിച്ചു. ഭൂമിയുടെ ശാപം മൂലം സകലതും നഷ്ടമായി എന്ന് മനസ്സിലാക്കിയിട്ടും നീതിമാനായ നോഹ പഴിക്കാതെ നന്ദിയോടെ ദൈവത്തെ ഓർത്തു.

പെട്ടകത്തിൽ കയറ്റി യഹോവ വാതിലടച്ച നിമിഷം മുതൽ അനുസരണയോടെ പെട്ടകത്തിലായിരുന്നവൻ യഹോവ നിർദ്ദേശം നൽകിയപ്പോഴാണ് പുറത്തിറങ്ങിയത്. (ഉല്പ :8:15 -16) സകല നഷ്ടങ്ങളും മറന്ന് അവയുടെ മദ്ധ്യത്തിൽ തന്നെ രക്ഷിച്ച ദൈവസ്നേഹം ഓർത്ത നോഹ യഹോവയ്ക്ക് ഒരു യാഗപീഠംമൊരുക്കി. യാഗപീഠം നാം ഒരുക്കുമ്പോൾ കർമ്മേലിൽ ഏലിയാവ് ഒരുക്കിയ യാഗപീഠം ശ്രദ്ധിക്കുന്നത് നല്ലതാണ്. യഹോവയുടെ നാമത്തിൽ ഇടിഞ്ഞ യാഗപീഠം ആദ്യം പണിതെടുത്തു. (1 രാജ:18:30-32) നമ്മുടെ സഭയിൽ, ഭവനങ്ങളിൽ യാഗം നടത്തുമ്പോൾ മറുതലിച്ച് മാറിനില്ക്കുന്ന കല്ലുകളുണ്ടോ? അലക്ഷ്യമായി യാഗസ്ഥലത്തെത്തുന്നവരുണ്ടോ? എല്ലാമുട്ടും മടങ്ങി, എല്ലാ നാവും പാടട്ടെ യേശു കർത്താവെന്ന്. അവിടെ അനുഗ്രഹമുണ്ടാകും.

യാഗപീഠം യേശുവിന്റെ നാമത്തിൽ ഒരുക്കിയശേഷം നാം എന്തുചെയ്യണമെന്ന് നോഹ കാട്ടിത്തന്നു. ഉല്പ:(8:20) ൽ ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള എല്ലാ പറവകളിൽ നിന്നും ചിലതെടുത്ത് യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു. യാഗത്തിനെത്തുന്ന ഓരോ വ്യക്തിയും ശുദ്ധിയോടെ ആകണം. എവിടെ ആയാലും എപ്പോഴായാലും വിശുദ്ധനായവനെ വിശുദ്ധിയോടെ മാത്രമേ ആരാധിക്കാവൂ. പത്ത് കുഷ്ഠരോഗികൾ സൗഖ്യം പ്രാപ്യമാക്കിയപ്പോൾ നന്ദി രേഖപ്പെടുത്തുവാൻ ശമര്യക്കാരനായ ഒരുവൻ മാത്രമാണ് യേശുവിന്റെ അടുക്കലെത്തിയത്. നമ്മെ ഓരോ നിമിഷം നടത്തുന്നവന്, നമ്മെ കരുതുന്നവന് നന്ദിയോടെ സ്തുതിയർപ്പിക്കുന്നതാകട്ടെ നമ്മുടെ യാഗം.

യാഗപീഠം ഉണ്ടാക്കുന്ന സ്ഥലം വിശുദ്ധമാകണം. കാരണം ദൈവവും അർപ്പകനും തമ്മിൽ കണ്ടുമുട്ടുന്ന സ്ഥലമാണ് അത്. യഹോവയുടെ സന്ദർശന സ്ഥലമാകയാൽ നമ്മുടെ സഭയും, ഭവനവും വിശുദ്ധമാകണം അപ്പോൾ യാഗത്തിന്റെ മണം അഥവാ സൗരഭ്യവാസനയിൽ യഹോവ പ്രസാദിക്കുന്നു. യാഗത്തിൽ പ്രസാദിച്ച ദൈവം തന്റെ ഹൃദയത്തിൽ സംസാരിച്ചു അഥവാ ഒരു തീരുമാനം എടുത്തു എന്ന് ഉല്പ (8:21)ൽ കാണുന്നു.

നമ്മുടെ യാഗത്തിൽ ദൈവം പ്രസാദിക്കണമെങ്കിൽ നാം മനസ്സു പുതുക്കി രൂപാന്തരപ്പെടണം. Read 2 കൊരി :(2:14-16). നമ്മുടെ പ്രാർത്ഥന പിടിച്ചു വാങ്ങുന്നതല്ല പിന്നെയോ ഏറ്റവും നല്ലത് കൊടുക്കുന്ന യാഗമാകണം. ഏറ്റവും നല്ലത് കൊടുക്കുന്നിടത്ത് യഹോവ പ്രസാദിക്കുകയും യാഗത്തിൽ തീ ഇറങ്ങുകയും ചെയ്യും. ഭൂമിയിൽ ഇപ്രകാരം ആരാധിക്കുന്നവർക്കു മാത്രമേ സ്വർഗ്ഗീയ ആരാധനയിൽ പങ്കാളികളാകുവാൻ കഴിയുകയുള്ളൂ. അപ്രകാരം ആരാധിപ്പാൻ ദൈവം നമ്മെ ഒരുക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind